



## കപ്പൽ പൊളിയ്ക്കൽ ഇന്ത്യയിൽ വേണോ?

2006 ജനുവരി 17-ാം തിയതി ഇറങ്ങിയ സുപ്രധാന സുപ്രീം കോടതി ഉത്തരവു പ്രകാരം, ഫ്രാൻസിൽ നിന്നും ഇന്ത്യയിൽ പഴയ കപ്പൽ പൊളിക്കാൻ കൊണ്ടുവന്നാൽ പരിസ്ഥിതി പ്രശ്നങ്ങൾ എത്രത്തോളമുണ്ടെന്നുള്ളതിന്റെ പഠനം പൂർണ്ണമായിട്ടുണ്ടോ എന്ന് നോക്കാൻ നിൽക്കേണ്ട വശം തൽക്കാലം ഇവ ഇതിന്റെ ഉടമസ്ഥ സ്ഥാനത്തേക്കു തിരിച്ചയയ്ക്കുവാനും വിധിച്ചത് ഈ മേഖലയിലെ ഒരു സുപ്രധാന വഴിത്തിരിവായിരുന്നു.

ഈ വിധി വന്നതിനുശേഷം ഇന്ത്യയിലെത്തിയ ഫ്രഞ്ച് പ്രസിഡണ്ട് ജാക്വീസ് ഷിരാക്ക് കപ്പലുകൾ ഫ്രാൻസിലേയ്ക്കു തിരിച്ചയയ്ക്കുവാൻ ഉത്തരവിറക്കി.

എന്നാൽ വർഷങ്ങൾ കഴിഞ്ഞ് ഈ സംഭവത്തിനുശേഷം 'ക്ലെമൻസിയോ' എന്ന ഫ്രഞ്ച് എയർക്രാഫ്റ്റ് കരിയർ ഇന്ത്യയിൽ പൊളിക്കുവാൻ വീണ്ടും തയ്യാറെടുപ്പു നടക്കുമ്പോഴാണ് പരിസ്ഥിതി പ്രവർത്തകർ എതിർത്തത്. ഇതുമൂലം ഈ കപ്പൽ യുണൈറ്റഡ് കിങ്ഡത്തിലെ ഗ്രേത്തോർപ്, ടീ സൈഡ്-ഹോർട്ടീപുളിൽ പൊളിച്ചുനീക്കുവാൻ തയ്യാറെടുപ്പു നടക്കുകയാണ്. കാലാവസ്ഥ മാറ്റത്തെക്കുറിച്ചും മറ്റും ഇന്ത്യ വ്യാകുലപ്പെടുമ്പോൾ ഇന്ത്യ പഴയ കപ്പൽ പൊളിക്കുന്ന ഒരു വേദിയായി മാറ്റരുതെന്നും പ്രത്യേകിച്ച് കടലുമായി ബന്ധപ്പെട്ടിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ വളരെയധികം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇന്ത്യ കപ്പൽ പൊളിക്കാനുള്ള ഇടമായി മാറ്റരുതെന്നും പരിസ്ഥിതി പ്രവർത്തകർ ഒന്നടങ്കം ആവശ്യപ്പെട്ടിരിക്കുകയാണ്. എല്ലാവർഷത്തിലും വികസിത രാജ്യങ്ങളായ ബംഗ്ലാദേശ്, ചൈന, ഇന്ത്യ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് ഇത്തരത്തിൽ കപ്പലുകൾ ധാരാളമായി വരാറുണ്ടെന്നും അതിൽ ഏറ്റവും വലുതാണ് 'ക്ലെമൻസിയോ' എന്നും പരിസ്ഥിതി പ്രവർത്തകർ പറയുന്നു. ഇത്തരത്തിലുള്ള കപ്പലുകളിലെ ടോക്സിക് വസ്തുക്കൾ വളരെയധികം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും അവർ വാദിക്കുന്നു.

വികസിത രാഷ്ട്രങ്ങൾ ഇന്ന് കാലാവസ്ഥ വ്യതിയാനത്തെ തടയുന്നതിന് കടലിലെ വെള്ളം, ജന്തുക്കൾ തുടങ്ങിയവയെല്ലാം തന്നെ സംരക്ഷിക്കുവാൻ രംഗത്തിറങ്ങണം.

കപ്പൽ പൊളിച്ചുകഴിയുമ്പോൾ കിട്ടുന്ന ആസ്ബറ്റോസ് തുടങ്ങിയവയുണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ അതിരൂക്ഷമാണ്. കടലിലേയും അതിന്റെ അടുത്തതുമായ പല ജീവജാലങ്ങളെയും ഇവ ബാധിക്കും. സി.ആർ.സെഡ്. നിയമങ്ങൾ അനുസരിച്ചും ഇവ ലംഘനമാണ്. ശുദ്ധജലം ഊറ്റുന്നതും മറ്റും ബുദ്ധിമുട്ടായി മാറും.

**വിനോദ് കുമാർ ദാമോദർ**
ബ്രീസ്, കോഴിക്കോട്-4

## ജി.എം. വിളകൾ നമ്മുടെ അടുക്കളയിലേക്കും...?

കേരളീയം ജി.എം. ലക്കം വായിച്ചു. സമഗ്രമായി ജി.എമ്മിനെക്കുറിച്ച് അറിയാൻ സാധിച്ചതിൽ നന്ദി രേഖപ്പെടുന്നു. പക്ഷെ, തുടർന്നു ശ്രദ്ധിച്ചപ്പോഴാണ് ജി.എം. പരീക്ഷണങ്ങളെക്കുറിച്ച് കേരള ജനത കുറച്ചുകൂടി ജാഗ്രത പുലർത്തേണ്ടതുണ്ടെന്ന് തിരിച്ചറിഞ്ഞത്. അതുകൊണ്ട് ഈ പറയുന്ന കാര്യങ്ങൾകൂടി കേരളീയത്തിൽ തുടർന്നു ചർച്ചചെയ്യേണ്ടതുണ്ട്. രണ്ടു വർഷത്തിലധികമായി അട്ടപ്പാടിയിൽ ബിടി പരുത്തികൃഷി ചെയ്യുന്നു - വാർത്ത

ജനിതകമാറ്റം വരുത്തിയ നെല്ല് ഗവേഷണത്തിന് ബിൽഗേറ്റ്സ് ഫൗണ്ടേഷനുമായി കേരള കാർഷിക സർവ്വകലാശാല കരാറിൽ ഏർപ്പെടുന്നു - വാർത്ത

കേരളത്തിൽ ജി.എം. വിളകൾ അനുവദിക്കില്ല എന്നത് മുഖ്യമന്ത്രിയും കൃഷിമന്ത്രിയും നൽകിയ ഉറപ്പാണ്. കേരളത്തിൽ ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉപയോഗിക്കുന്നത് കൃഷി വകുപ്പ് നിരോധിച്ചിട്ടുണ്ടോ...?

നമ്മുടെ കൃഷി-സർവ്വകലാശാലയ്ക്ക് ജിഎംന്റെ കാര്യത്തിൽ വ്യക്തമായ നിലപാടുണ്ടോ...?

അട്ടപ്പാടിയിൽ ഇത്രയും കാലം ജി.എം. കൃഷി ചെയ്തത് ഇക്കാര്യം അറിഞ്ഞില്ല...? ഇതുപോലെ നമ്മൾ അറിയാതെ പരീക്ഷണങ്ങൾ നടക്കുന്നുണ്ടോ..?

ഇപ്പോൾ നാം കഴിക്കുന്ന ഭക്ഷണം ജി.എം. വിമുക്തമാണോ..? പാക്ക് ചെയ്ത ഭക്ഷണസാധനങ്ങൾ എത്രമാത്രം സുരക്ഷിതമാണ്..? ജി.എം. അടങ്ങിയിട്ടുണ്ടോ എന്നറിയാൻ വല്ല മാർഗ്ഗവും ഉണ്ടോ..?

നമ്മുടെ കൃഷി ശാസ്ത്രജ്ഞരും, സർക്കാരും രാഷ്ട്രീയക്കാരും, പരിസ്ഥിതിക്കാരും പഠിച്ച് പരീക്ഷണങ്ങൾ നടത്തി, വിശകലനം ചെയ്ത്, വിവാദമാക്കി നടപടിയുണ്ടാകുമ്പോഴേക്കും നമ്മുടെ അടുക്കള മുഴുവൻ ജി.എം. വിളയായിരിക്കും.

GEAC (Genetic Engineering Approval Committee) തലപ്പത്ത് അതേ എം.എസ്. സ്വാമിനാഥൻ തന്നെയാണ്... - "ഹരിതവിപ്ലവം ജനിതകമാറ്റത്തിലൂടെ... ഭക്ഷ്യസുരക്ഷ ജനിതക വിപ്ലവത്തിലൂടെ..." എന്നാണ് മുദ്രാവാക്യം.

ജൈവപരിണാമത്തിനെതിരായ ഈ ഭീകരശാസ്ത്രം അനുവദിച്ചുകൂടാ... ഈ വർഷം ജനിതകമാറ്റം വരുത്തിയ വിളകൾ ഇന്ത്യയിൽ പുറത്തിറങ്ങും. കാലം കുറേക്കഴിയുമ്പോൾ മുഴുവൻ ജി.എം. ഉൽപ്പന്നങ്ങൾ നിറഞ്ഞാൽ പിന്നെ നമുക്കൊന്നും ചെയ്യാൻ കഴിയില്ല... കീഴടങ്ങുക മാത്രമാകും വഴി...

ലാഭക്കൊതിയന്മാരായ - ബഹുരാഷ്ട്രഭീമന്മാരുടെ ഈ ഭീകരത അനുവദിച്ചുകൂടാ...

**സനൂപ്**
കാസർഗോഡ്